II ഇ.ബി.XIV-കേരള നിയമസഭ/X-17

## പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2018 മാർച്ച് 23, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

52 (*481) മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) നൽകിയ മറുപടിയിൽ, കേരള പട്ടികജാതി പട്ടികവർഗ്ഗ റെസിഡൻഷ്യൽ എഡ്യൂക്കേഷണൽ സൊസൈറ്റിയുടെ കീഴിലുള്ള മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ (എം.ആർ.എസ്) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി 20-ഉം പട്ടികജാതി വിദ്യർത്ഥികൾക്കായി ഒരു സ്പോർട്സ് സ്കൂൾ ഉൾപ്പെടെ 9-ഉം എം.ആർ.എസ്.-കൾ പ്രവർത്തിച്ചുവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. ഇവയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി എം.എൽ.എ. ചെയർമാനും ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥർ കൺവീനർമാരുമായിട്ടുള്ള ഉപദേശക

സമിതികൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഈ സ്കൂളുകളിലേയ്ക്ക് അദ്ധ്യാപകരെ വിദ്യാഭ്യാസ വകുപ്പിൽ നിന്ന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും അദ്ധ്യാപകേതര ജീവനക്കാരെ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നുമാണ് നിയമിക്കുന്നത്. എം.ആർ.എസ്.-കളിൽ ഓരോ വർഷവും സംസ്ഥാനതലത്തിൽ നടത്തുന്ന മത്സരപ്പരീക്ഷയുടെ മാർക്കിന്റെ അടിസ്ഥാനത്തിലും അയ്യങ്കാളി മെമ്മോറിയൽ സ്പോർട്സ് സ്കൂളിലേയ്ക്ക് ജില്ലാതലത്തിൽ നടത്തുന്ന കായികക്ഷമതാ പരിശോധനയുടെ അടിസ്ഥാനത്തിലുമാണ് പ്രവേശനം നടത്തിവരുന്നതെന്നും സ്പോർട്സ് സ്കൂളിന്റെ പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണെന്നും പ്രവേശന പരീക്ഷകൾ, കായികക്ഷമതാ പരിശോധന എന്നിവ സംബന്ധിച്ച് എല്ലാ പത്രങ്ങളിലും സംസ്ഥാനാടിസ്ഥാനത്തിൽ അറിയിപ്പ് നൽകാറുണ്ടെന്നും മന്ത്രി വ്യക്തമാക്കി. എല്ലാ പ്രീ-മെട്രിക് ഹോസ്റ്റലുകളിലും പ്രൈമറി വിഭാഗത്തിൽ 3 വീതവും ഹൈസ്കൂൾ വിഭാഗത്തിൽ ഓരോ വിഷയങ്ങൾക്കും പ്രത്യേകം ട്യൂട്ടർമാരെയും നിയോഗിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഹോസ്റ്റലുകളിലെ കുട്ടികളുടെ മാനസികാരോഗ്യം മെച്ചപ്പെടുത്തുന്നതിനും പഠന നിലവാരം ഉയർത്തുന്നതിനുമായി കൗൺസിലർമാരുടെ സേവനം ലഭ്യമാക്കുകയും അദ്ധ്യാപന യോഗ്യതയുള്ള റെസിഡന്റ് ട്യൂട്ടർമാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. അതത് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ ഡോക്ടർമാർ പീരിയോഡിക്കലായി

കുട്ടികളുടെ വൈദ്യപരിശോധനയും ആരോഗ്യ-ഭക്ഷ്യസുരക്ഷാ വകുപ്പുകൾ കുടിവെള്ളത്തിന്റെ ഗുണമേന്മയും പരിസരശുചിത്വവും അടുക്കളയും പരിശോധിച്ച് ഗുണമേന്മ ഉറപ്പുവരുത്താറുമുണ്ട്. കിഫ്ബി മുഖേന ഏറ്റെടുത്ത 255 കോടി രൂപയുടെ പദ്ധതികളിൽ 84.68 കോടി രൂപയുടെ പദ്ധതികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്. പ്രീ-മെട്രിക്-പോസ്റ്റ് മെട്രിക് മെസ് അലവൻസുകൾ യഥാക്രമം 2500 രൂപയും 2825 രൂപയുമായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഹോസ്റ്റലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നിരവധി പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ടെന്നും മീനങ്ങാടിയിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലിന് സ്ഥിരം കെട്ടിടം നിർമ്മിക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ടെന്നും വാടക കെട്ടിടങ്ങൾ പരമാവധി ഒഴിവാക്കി പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റാനുള്ള നടപടി സ്വീകരിച്ച് വരികയാണെന്നും മന്ത്രി അറിയിച്ചു. പി.എസ്.സി. നിയമനങ്ങളിൽ എസ്.സി./എസ്.ടി. വിഭാഗത്തിലുള്ള ഒഴിവുകൾ പൂർണ്ണമായി നികത്തുന്നതിനുള്ള നടപടി സ്വീകരിച്ച് വരികയാണെന്നും നിയമനവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ എസ്.ടി. പ്രൊമോട്ടർമാർ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെന്നും ഇവർക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന് വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നുണ്ടെന്നും കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ഹോസ്റ്റലുകളിൽ അധിക ബ്ലോക്കുകൾ നിർമ്മിക്കുന്നതിന് നടപടി

സ്വീകരിക്കുന്നതാണെന്നും അട്ടപ്പാടിയിൽ ഒരു എം.ആർ.എസ്. സ്പോർട്സ് സ്കൂൾ ആരംഭിക്കുന്നതും സ്വകാര്യ ഹോസ്റ്റലുകളിൽ താമസിക്കുന്ന വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റൽ-മെസ് അലവൻസുകൾ വർദ്ധിപ്പിക്കുന്നതും സംബന്ധിച്ച് പരിശോധിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

53 (*482) <u>ഗ്രീൻ ഇന്ത്യ മിഷൻ</u>

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു) നൽകിയ മറുപടിയിൽ, വനസമ്പത്തും വനവിസ്തൃതിയും വർദ്ധിപ്പിക്കുക, സോഷ്യൽ ഫോറസ്ട്രി-അഗ്രോ ഫോറസ്ട്രി പ്രവർത്തനങ്ങൾ വിപുലീകരിക്കുക, പരിസ്ഥിതി, തണ്ണീർത്തടങ്ങൾ, കാവുകൾ, ജലസ്രോതസ്സുകൾ എന്നിവ സംരക്ഷിക്കുക, പുനരുപയോഗക്ഷമമായ ഇന്ധനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക തുടങ്ങിയ പദ്ധതികളാണ് ഗ്രീൻ ഇന്ത്യ മിഷൻ ലക്ഷ്യമിടുന്നതെന്ന് സഭയെ അറിയിച്ചു. കേരളത്തിലെ വന്യജീവി സങ്കേതങ്ങളുടെയും ദേശീയ ഉദ്യാനങ്ങളുടെയും സംരക്ഷണത്തിനായി കേന്ദ്ര സഹായത്തോടെ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളികളാകാൻ ആഗ്രഹിക്കുന്നവർക്കായി 'സിറ്റിസൺ കൺസർവേറ്റർ' പദ്ധതി, തരിശുഭൂമി കണ്ടെത്തി വിവിധയിനം വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്ന 'കുട്ടിവനം' എന്നീ പദ്ധതികൾ നടപ്പാക്കുന്നുണ്ട്. നഗരങ്ങളിൽ

വൃക്ഷങ്ങൾ വ്യാപിപ്പിക്കുന്നതിന് നഗര വനവത്കരണം, വഴിയോരത്തണൽ, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ് എന്നീ പദ്ധതികൾ പ്രകാരം പാതയോരങ്ങളിൽ മരങ്ങൾ വച്ചുപിടിപ്പിക്കാനും വലിയ ചട്ടികളിൽ വൃക്ഷത്തൈകൾ നട്ട് പരിപാലിക്കുന്ന സംവിധാനം വിപുലപ്പെടുത്താനും ഉദ്ദേശിക്കുന്നു. വിവിധ ജില്ലകളിൽ കേരള വനസംരക്ഷണ നിയമ പ്രകാരം കണ്ടൽക്കാടുകളായി പ്രഖ്യാപിച്ചിട്ടുള്ള സ്ഥലങ്ങൾ സംരക്ഷിക്കുകയും സ്വകാര്യ ഭൂമിയിലെ കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിന് വ്യക്തികൾക്ക് ഏക്കറിന് 4,000/- രൂപ നിരക്കിലും കാവ് സംരക്ഷിക്കുന്നതിന് തെരഞ്ഞെടുക്കപ്പെട്ട കാവുകൾക്ക് ഉടമസ്ഥർ സമർപ്പിക്കുന്ന മൈക്രോ പ്ലാൻ അംഗീകരിച്ചും ധനസഹായം നൽകുന്നുണ്ട്. എല്ലാ ജില്ലകളിലും വനവികസന ഏജൻസി ആരംഭിക്കുന്നതിന് സോഷ്യൽ ഫോറസ്ട്രി വിഭാഗം നടപടി സ്വീകരിച്ചിട്ടുണ്ട്. ലോക പരിസ്ഥിതി ദിനത്തിൽ വനം വകുപ്പിന്റെ നേതൃത്വത്തിൽ സ്കൂൾ കുട്ടികൾ വഴി 3 കോടി വൃക്ഷത്തൈകൾ വിതരണം ചെയ്യാനും വിവിധ മാർഗ്ഗങ്ങളിലൂടെ വിതരണം ചെയ്ത വൃക്ഷത്തൈകളുടെ അതിജീവന ശതമാനം തിട്ടപ്പെടുത്തുന്നതിന് തെരഞ്ഞെടുത്ത കോളേജുകളിലെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം വിദ്യാർത്ഥികളുടെ സഹായത്തോടെ സർവ്വേ നടത്താനും തീരുമാനിച്ചിട്ടുണ്ട്. ആലപ്പുഴ, കോട്ടയം ജില്ലകളിൽ കുട്ടനാട് പാക്കേജിന്റെ ഭാഗമായുള്ള വിവിധ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും വന്യമൃഗങ്ങൾക്ക് വനത്തിനുള്ളിൽ കുടിവെള്ള

ലഭ്യത ഉറപ്പുവരുത്തുന്നതിനും ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടത്തുന്നതാണെന്നും യൂക്കാലിപ്റ്റസ്, മാഞ്ചിയം പോലുള്ള വിദേശ മരങ്ങൾ വച്ച് പിടിപ്പിച്ചിട്ടുള്ള വനഭൂമിയിൽ സ്വാഭാവിക മരങ്ങളും മറ്റ് ഫലവൃക്ഷങ്ങളും വച്ച് പിടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

54 (*483) <u>പിന്നാക്ക വിഭാഗ വികസന പദ്ധതികൾ</u>

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, പിന്നാക്ക വിഭാഗ വികസന വകുപ്പും കോർപ്പറേഷനും സംയുക്തമായി പിന്നാക്ക വിഭാഗത്തിൽപ്പെട്ട പ്രൊഫഷണൽ ബിരുദധാരികൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി 2017-18 മുതൽ സ്റ്റാർട്ട്അപ് വായ്പാ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ഗ്രാമപ്രദേശത്ത് 98,000/- രൂപ വരെയും നഗരപ്രദേശത്ത് 1,20,000/- രൂപ വരെയും വാർഷിക വരുമാനമുള്ളവർക്ക് 5 ലക്ഷം രൂപ വരെ 6 ശതമാനം പലിശ നിരക്കിലും പരമാവധി 20 ലക്ഷം രൂപ വരെ 7 ശതമാനം പലിശ നിരക്കിലും വായ്പ ലഭിക്കുന്നതാണ്. വായ്പയുടെ 20 ശതമാനം പരമാവധി 2 ലക്ഷം രൂപ പിന്നാക്ക വിഭാഗ വികസന വകുപ്പ് സബ്സിഡിയായി അനുവദിക്കുകയും 2017-18 സാമ്പത്തിക വർഷം ടി പദ്ധതിക്കായി 50 ലക്ഷം രൂപ നീക്കി വയ്ക്കുകയും

ചെയ്തിട്ടുണ്ട്. പിന്നാക്ക വിഭാഗങ്ങളിലെ ഉദ്യോഗാർത്ഥികളുടെ മത്സരശേഷി വർദ്ധിപ്പിക്കുന്നതിനും സ്വയം തൊഴിൽ സംരംഭകത്വം വളർത്തുന്നതിനും ലക്ഷ്യമിട്ട് എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പദ്ധതി നടപ്പിലാക്കിവരുന്നു. വയനാട്ടിലെ അരിവാൾകോശ രോഗബാധിതർക്കും, ഒ.ബി.സി. പ്രൊഫഷണലുകൾക്കും സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സഹായം നൽകാനാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. ന്യൂനപക്ഷ-പിന്നാക്ക വിഭാഗങ്ങളിൽപ്പെട്ട പ്രവാസികൾക്ക് 'റിട്ടേൺ' പദ്ധതിയിലൂടെ 4 ശതമാനം മുതൽ 6 ശതമാനം വരെ പലിശ നിരക്കിൽ യഥാക്രമം 30 ലക്ഷം രൂപയും, 20 ലക്ഷം രൂപയും 3 ലക്ഷം രൂപ സബ്സിഡിയോടുകൂടി നോർക്ക വകുപ്പ് മുഖാന്തരം അനുവദിക്കുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും സ്റ്റാർട്ട്അപ് പ്രൊഫഷണലുകൾക്ക് 2 ലക്ഷം രൂപ സബ്സിഡിയോടെ 6 ശതമാനം പലിശ നിരക്കിൽ 20 ലക്ഷം രൂപ അനുവദിക്കുന്നുണ്ടെന്നും ഓരോ പഞ്ചായത്തിലേയും സി.ഡി.എസ്.-കൾക്ക് (കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റി) ഒരു കോടി രൂപ വീതം നൽകുന്ന മൈക്രോ ഫിനാൻസ് പദ്ധതി ഫലപ്രദമായി നടപ്പിലാക്കിയിട്ടുണ്ടെന്നും ഈ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് രാജ്യത്തിനകത്തും പുറത്തും ഉന്നതപഠനം നടത്തുന്നതിനായി 4 ശതമാനം പലിശ നിരക്കിൽ യഥാക്രമം 10 ലക്ഷം രൂപയും 20 ലക്ഷം രൂപയും അനുവദിക്കുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി

മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 4869 മുതൽ 5151 വരെയുള്ള ചോദ്യങ്ങളിൽ 192 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)